(എഫ്) ലോക ബാങ്ക് കരാർ അനുസരിച്ച് പദ്ധതിക്കു ലഭിച്ച തുക മുഴുവനും 1996 ജനുവരി ഒന്നു മുതൽ അർദ്ധ വാർഷിക തവണകളായി 2035 ജൂലായ് ഒന്നിനു മുമ്പ് തീർക്കേണ്ടതായിരുന്നു. എന്നാൽ, വായ്പ തിരിച്ചടയ്ക്കേണ്ട സമയം 5 വർഷം കൂടി നീട്ടി കിട്ടിയിട്ടുള്ളതിനാൽ 2001 ജനുവരി ഒന്നു മുതലാണ് വായ്പ തിരിച്ചടയ്ക്കേണ്ടത്.

53 (1159) ജലസേചന പദ്ധതിക്ക് നബാർഡിന്റെ സാമ്പത്തിക സഹായം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനവകുപ്പ് നടപ്പിലാക്കുന്ന ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ;

(ബി) ഈ വർഷം എത്ര പദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്;

(സി) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം പദ്ധതികൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ജലസേചനവകുപ്പ് നടപ്പിലാക്കുന്ന എല്ലാ ചെറുകിട ജലസേചനപദ്ധതികൾക്കും നബാർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നില്ല. ജലസേചനവകുപ്പ് നബാർഡിലേക്ക് സാമ്പത്തികസഹായത്തിന് ശുപാർശ ചെയ്യുന്ന പദ്ധതികൾ നബാർഡ് അവരുടെ മാനദണ്ഡം അനുസരിച്ച് വിലയിരുത്തി പദ്ധതികൾ തെരഞ്ഞെടുക്കുന്നു.

(ബി) ഈ വർഷം റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലെപ്പ്മെന്റ് ഫണ്ട് V-ൽ (ആർ.ഐ.ഡി.എഫ്. V) ഉൾപ്പെടുത്തി സാമ്പത്തികസഹായം ലഭിക്കുന്നതിനായി 86 ചെറുകിട ജലസേചന പദ്ധതികൾ നബാർഡ് അംഗീകരിച്ചിട്ടുണ്ട്.

(സി) റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് IV-ൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽനിന്നും 16 ചെറുകിട ജലസേചന പദ്ധതികൾക്ക് നബാർഡ് അംഗീകാരം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. ഇവകൂടാതെ ആർ.ഐ.ഡി.എഫ്-1ൽ ഒന്നും ആർ.ഐ.ഡി.എഫ്-II-ൽ ഏഴും പദ്ധതികളുടെ പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ 7 പണികൾ പൂർത്തിയാക്കുകയും അതിന്റെ പണി പുരോഗമിച്ചുവരുകയും ചെയ്യുന്നു.

54 (1160) ത്വരിത ഗ്രാമീണ പദ്ധതിക്ക് കേന്ദ്രസഹായം

ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ത്വരിത ഗ്രാമീണ പദ്ധതി പ്രകാരം എത്ര ജലസേചന പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു;

(ബി) അംഗീകാരം ലഭിച്ച പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റ് എന്ത് തുക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ജലസേചന വകുപ്പിന്റെ കീഴിൽ ത്വരിത ഗ്രാമീണ പദ്ധതി പ്രകാരം, ജലസേചന പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല. ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം 520 വൻകിട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളാണ് ഇതുവരെ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്. ഇതിൽ 481 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് 31.3.99 വരെ 278.27 കോടി രൂപ കേന്ദ്രസഹായമായി ലഭിച്ചു. ഈ വർഷത്തേക്ക് 43.07 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

55 (1161) 'ചെക്ക് ഡാമുകൾ'

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ജലസേചനത്തിനും കുടിവെള്ളത്തിനുമായി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നിലവിൽ സംസ്ഥാനത്ത് എത്ര ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ എന്നും വെളിപ്പെടുത്തുമോ;

(ഡി) എത്ര എണ്ണത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു;

(ഇ) പ്രസ്തുത പദ്ധതികൾക്ക് വിദേശ സഹായമോ കേന്ദ്ര സർക്കാരിന്റെ ധനസഹായമോ ലഭിക്കുന്നുണ്ടോ;

(എഫ്) ജനകീയ പങ്കാളിത്തത്തോടെ ചെക്കുഡാമുകൾ (തടയണകൾ) നിർമ്മിക്കുവാൻ മുന്നോട്ടുവരുന്ന സന്നദ്ധസംഘടനകളെ പ്രോത്സാഹിപ്പിക്കുവാനും സാമ്പത്തികസഹായം നൽകാനും തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രായോഗികതയെപ്പറ്റി പഠിച്ചു തയ്യാറാക്കിയ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെക്ക് ഡാമുകളുടെ നിർമ്മാണത്തെ സംബന്ധിച്ച നിബന്ധനകൾ 28.9.92ലെ ജി.ഒ.എം.എസ്. 31/92/ഐ.ആർ.ഡി. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly